10111
3/5/17

൭

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി- എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള പ്രത്യേക ധനസഹായം- മൂന്നാം ഗഡു അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി ആർ എഫ്-ബി) വകുപ്പ്

ജി.ഒ.(എം.എസ്) നമ്പർ: 126/2017/റവ. തിരുവനന്തപുരം, തീയതി: 20/04/2017

---

ഉത്തരവ്

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം വിതരണം ചെയ്യുവാൻ ബാക്കിയുള്ള പ്രത്യേക ധനസഹായത്തിന്റെ മൂന്നാം ഗഡു ആയി **56,76,00,000/-** (അൻപത്തിയാറു കോടി എഴുപത്തിയാറു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **56,76,00,000/- (അൻപത്തിയാറു കോടി എഴുപത്തിയാറു ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തുക കാസർഗോഡ് ജില്ലാ കളക്ടർക്ക് നല്കേണ്ടതും കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

3. ടി തുക ഗവൺമെന്റ് ഓഫ് ഇന്ത്യ-യിൽ നിന്നും റീ-ഇംബേഴ്സ് ചെയ്തുകിട്ടുവാൻ വേണ്ട നടപടികൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**പി . എച്ച് . കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി.**

ജില്ലാ കളക്ടർ, കാസർഗോഡ്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് / റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ധനകാര്യ (ഫണ്ട്സ്) വകുപ്പ് / ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് : പൊതുഭരണ (എസ്.സി) വകുപ്പിന്. (23.03.2017 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നമ്പർ 851 OA പ്രകാരം)
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

1323768

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 23-03-2017.**

25 MAR 2017
GOVT. SECRETARIAT

ഇനം നം: 651
O.A.

വിഷയം : ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രത്യേക ധനസഹായം - മൂന്നാം ഗഡു അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം വിതരണം ചെയ്യുവാൻ ബാക്കിയുള്ള പ്രത്യേക ധനസഹായത്തിന്റെ മൂന്നാം ഗഡുവായി 56.76 കോടി രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

OA - 851

## 23.03.2017 ലെ മന്ത്രിസഭാ യോഗത്തിലേക്കുള്ള നോട്ട്-

## എൻഡോസൾഫാൻ പുനരധിവാസപ്രവർത്തനങ്ങൾ

ദേശീയമനുഷ്യാവകാശ കമ്മീഷൻെറ പ്രത്യേക ധനസഹായം അനുവദിക്കണമെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർക്കും,ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും, എൻഡോസൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപയും , ശാരീരിക വൈകല്യമുള്ളവർ, കാൻസർ രോഗികൾ എന്നിവർക്ക് 3 ലക്ഷം രൂപയും, ഗഡുക്കളായി നൽകുന്നതിനായാണ് സർക്കാർ ഉത്തരവായിട്ടുള്ളത്.

ആയതിൻെറ അടിസ്ഥാനത്തിൽ പ്രത്യേക ധനസഹായത്തിൻെറ ഒന്നാം ഗഡുവായി നൽകിയ 46.125 കോടി രൂപയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കാറ്റഗറി | എണ്ണം | ഗഡു തുക (ലക്ഷത്തിൽ) | തുക (കോടി) |
|---|---|---|---|---|
| 1 | പൂർണ്ണമായും കിടപ്പിലായവർ | 257 | 1.5 | 3.855 |
| 2 | ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 1161 | 1.5 | 17.415 |
| 3 | ശാരീരിക വൈകല്യം ബാധിച്ചവർ | 985 | 1 | 9.85 |
| 4 | കാൻസർ രോഗികൾ | 437 | 1 | 4.37 |
| 5 | മരണപ്പെട്ടവരുടെ ആശ്രിതർക്ക് | 709 | 1.5 | 10.635 |
| | ആകെ തുക | | | 46.125 |

രണ്ടാം ഗഡുവായി നൽകിയ **44.645**കോടി രൂപയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കാറ്റഗറി | എണ്ണം | ഗഡു തുക (ലക്ഷത്തിൽ) | തുക (കോടി) |
|---|---|---|---|---|
| 1 | പൂർണ്ണമായും കിടപ്പിലായവർ | 239 | 1.5 | 3.585 |
| 2 | ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 1149 | 1.5 | 17.235 |
| 3 | ശാരീരിക വൈകല്യം ബാധിച്ചവർ | 966 | 1 | 9.66 |
| 4 | കാൻസർ രോഗികൾ | 410 | 1 | 4.10 |
| 5 | മരണപ്പെട്ടവരുടെ ആശ്രിതർക്ക് | 671 | 1.5 | 10.065 |
| | ആകെ തുക | | | 44.645 |

ദുരിതബാധിതർക്ക് വിതരണം ചെയ്യുവാൻ ബാക്കിയുള്ള തുക നൽകണമെന്നുള്ള ബഹു. സുപ്രീം കോടതി വിധി നിലവിൽ വന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ 21.02.2017 ൽ നടന്ന യോഗത്തിൽ ദേശീയമനുഷ്യാവാകാശ കമ്മീഷൻെറ ശുപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായത്തിൻെറ വിതരണം ചെയ്യാൻ ബാക്കിയുള്ള മൂന്നാം ഗഡു അനുവദിച്ച് നൽകുന്നതിന് തീരുമാനമെടുത്തിരുന്നു. ഇതിന് ആവശ്യമുള്ള തുക ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം | കാറ്റഗറി | എണ്ണം | ഗഡു തുക (ലക്ഷത്തിൽ) | ആകെ തുക (കോടി) |
|---|---|---|---|---|
| 1 | പൂർണ്ണമായും കിടപ്പിലായവർ | 257 | 2 | 5.14 |
| 2 | ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 1161 | 2 | 23.22 |
| 3 | ശാരീരിക വൈകല്യം ബാധിച്ചവർ | 985 | 1 | 9.85 |
| 4 | കാൻസർ രോഗികൾ | 437 | 1 | 4.37 |
| 5 | മരണപ്പെട്ടവരുടെ ആശ്രിതർക്ക് | 709 | 2 | 14.18 |
| | ആകെ | | | 56.76 |

മൂന്നാം ഗഡു നൽകുന്നതിലേക്കായി **56.76**കോടി രൂപ ആവശ്യമായിട്ടുണ്ട്